**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2823** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖല ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണമേഖല ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.<br><br>സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർ ദേശീയ വിപണിയിലേക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ജില്ലകളിൽ ഏകീകൃത മാതൃകയിൽ കോപ്പ്മാർട്ടുകൾ (coopmart) പ്രവർത്തിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുന്നു. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപ്പന്നങ്ങൾക്കും, 2025 വർഷത്തിൽ 9 സംഘങ്ങളുടെ 61 ഉൽപ്പന്നങ്ങൾക്കും coopkerala സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം coopkerala സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപ്പന്നങ്ങൾക്കായി ഒരു സ്വാതന്ത്ര ഡിജിറ്റൽ വിപണിയായ "അങ്ങാടി കേരള" പ്ലാറ്റ്ഫോം ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ